# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2646 10.12.2014-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ശിശുമരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മാത്യു റ്റി. തോമസ് :<br>ശ്രീമതി. ജമീല പ്രകാശം :<br>ശ്രീ. ജോസ് തെറ്റയിൽ :<br>,, സി. കെ. നാണു : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിച്ച് ഉണ്ടായിട്ടും ആരോഗ്യ വകുപ്പിന്റെ ഫലപ്രദമായ ഇടപെടൽ ആ മേഖലയിൽ ഉണ്ടാകാതെ പോയതിന്റെ ഉത്തരവാദിത്വം ആർക്കൊക്കെ ആണെന്ന് അന്വേഷണം നടത്തി കണ്ടെത്തിയിട്ടുണ്ടോ ; | (എ) അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്കിടയിൽ ശിശുമരണം ക്രമാതീതമായി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ സംസ്ഥാന ആരോഗ്യ വകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.<br>മുഴുവൻ ആരോഗ്യ ഉപകേന്ദ്രങ്ങളും അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും അധികമായി 28 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരേക്കൂടി ദേശീയ ആരോഗ്യമിഷൻ വഴി നിയമിച്ച് ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഗർഭിണികൾക്കും, അമ്മമാർക്കും, കുഞ്ഞുങ്ങൾക്കും അയൺഫോളിക് ആസിഡ് വിതരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, കുഞ്ഞുങ്ങൾക്കുള്ള വൈറ്റമിൻ-എ നൽകൽ എന്നിവ കാര്യക്ഷമമായി നടത്തി വരുന്നു. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ പരിചരണത്തിനായി 3 ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ, സി.എച്ച്.സി. അഗളി, പ്രാഥമികാരോഗ്യ കേന്ദ്രം പുതൂർ, ഷോളയൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചത് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇവിടെ പരിചരണം നൽകിയ കുട്ടികളുടെ തുടർ പരിചരണവും ചെറിയ പോഷക കുറവുള്ള കുട്ടികളുടെ പോഷണ പരിചരണവും നിരീക്ഷണവും ഫീൽഡ് തലത്തിൽ അംഗൻവാടികളുമായി ചേർന്ന് ആരോഗ്യ പ്രവർത്തകർ ചെയ്തു വരുന്നുണ്ട്.<br>ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ വർഷം പ്രത്യേക പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ഗുരുതര പോഷണ കുറവുള്ള കുട്ടികൾ 299 ആയിരുന്നത് 62 (03.12.2014 ന്) ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ വർഷം |

(....2)

31 ശിശുമരണങ്ങളാണ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉണ്ടായിട്ടുള്ളത്. ഈ വർഷം ഇതുവരെ 13 (03.12.2014 വരെ) മരണങ്ങളാണ് നടന്നിട്ടുള്ളത്.

അട്ടപ്പാടിയിലെ ആരോഗ്യ സ്ഥാപനങ്ങളിലേക്കായി ഡോക്ടർമാർ അടക്കമുള്ള 75 ജീവനക്കാരുടെ തസ്തികകൾ അധികമായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുക വഴി ഇവയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ കഴിഞ്ഞു. കോട്ടത്തറ ആശുപത്രിയിൽ കൂടുതലായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരടക്കം കൂടുതൽ ഡോക്ടർമാരെ നിയമിച്ചു. സോണോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ ലഭ്യമാക്കിക്കൊണ്ട് ഗർഭിണികളുടെ സ്കാനിംഗ് നടത്തിവരുന്നു.അഗളി സി.എച്ച്.സി, ഷോളയൂർ, ആനക്കട്ടി പി.എച്ച്.സി. കളിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. അട്ടപ്പാടി ബ്ലോക്കിൽ ആകെയുള്ള 43 തസ്തികകളിൽ താൽക്കാലികമായി നിയമിച്ചവരടക്കം 43 ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ സ്ഥിരമായി ആദിവാസി ഊരുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നുണ്ട്.

എൻ.ആർ.എച്ച്.എം -ന്റെ ഭാഗമായുള്ള അട്ടപ്പാടി ആരോഗ്യപാക്കേജ് വഴി ആരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും നവീകരണം, ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ, നവജാതശിശു പരിചരണ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കുകയുണ്ടായി.

അഞ്ച് വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങളുടെയും ഗർഭിണികളുടെയും ആരോഗ്യ വിവരങ്ങൾ മോണിറ്റർ ചെയ്യാൻ ജാതക്-ജനനി എന്ന കമ്പ്യൂട്ടർവൽകൃത പദ്ധതി നടന്നു വരുന്നു.

അട്ടപ്പാടി മേഖലയിൽ ദീർഘകാലം പ്രവർത്തിച്ച് പരിചയമുള്ള ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. പ്രഭുദാസിന്റെ സേവനം പൂർണ്ണമായും അട്ടപ്പാടിയിൽ ക്രമീകരി ച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ബി) അട്ടപ്പാടി മേഖലയിൽ ആദിവാസികൾക്കിടയിൽ ശിശുമരണം ക്രമാതീതമായി സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ട ഉടനെ തന്നെ സംസ്ഥാന ആരോഗ്യ വകുപ്പ് ഫലപ്രദമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ